

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

വട്ടവട ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഡി. ഐ.ഡി.കെ.
പി.7-843/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 27/09/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വട്ടവട ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വട്ടവട ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വട്ടവട ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഡി. ഐ.ഡി.കെ. തീയ്യതി: 27/09/2023
പി.7-843/2023

ഇടുക്കി ജില്ലയിലെ വട്ടവട ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ വട്ടവട ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-04-2023 മുതൽ 18-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 22-07-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ അനിൽ മാത്യു ഐപ്പ്	ഡെപ്യൂട്ടി ഡയറക്ടർ	19-07-2023	22-07-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
19-07-2023	22-07-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ സണ്ണി എം.യു(ഓഡിറ്റ് ഓഫിസർ)
ശ്രീ ആർ സാമുവൽ രാജ്(അസി.ഓഡിറ്റ് ഓഫിസർ)
ശ്രീ ഷൈജു സി(സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീ ഡെന്നീസ് ജോസഫ്(ഓഡിറ്റർ)
ശ്രീ സെബിൻ സെബാസ്റ്റ്യൻ(ഓഡിറ്റർ)

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ഗണപതി അമ്മാൾ	പ്രസിഡന്റ്	01-04-2022	31-03-2023

ശ്രീ രാജു ഇ.കെ	സെക്രട്ടറി	01-04-2022	01-05-2022
ശ്രീ കൃഷ്ണ പിള്ള കെ.പി,അസി.സെക്രട്ടറി	സെക്രട്ടറി-ഇൻ-ചാർജ്ജ്	02-05-2022	10-07-2022
ശ്രീ രാജു ഇ.കെ	സെക്രട്ടറി	11-07-2022	01-10-2022
ശ്രീ സുനിൽകുമാർ എൻ	സെക്രട്ടറി	02-10-2022	31-03-2023

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ ബാബു പ്രസാദ് ആർ	അസി.എഞ്ചിനിയർ	01-04-2022	31-05-2022
ശ്രീ ജെയ് മോൻ കെ.ആർ	അസി.എഞ്ചിനിയർ	01-06-2022	05-10-2022
ശ്രീ ഷാജി കെ.പി	അസി.എഞ്ചിനിയർ	06-10-2022	31-03-2023
ഡോ.അന്ന സുരേന്ദ്രൻ	മെഡിക്കൽ ഓഫിസർ പി.എച്ച്.സി	01-04-2022	31-03-2023
ഡോ. ഗായത്രി വി.ജി.	മെഡിക്കൽ ഓഫീസർ, ആയൂർവേദം	01-04-2022	30-11-2022
ഡോ. അഖിൽ സി സുരേഷ്	മെഡിക്കൽ ഓഫീസർ, ആയൂർവേദം	01-12-2022	31-03-2023
ഡോ.വിന്നരാജ് എ	വെറ്ററിനറി സർജൻ	01-04-2022	31-03-2023
ശ്രീമതി ജയ കെ.പി	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2022	30-06-2022
ശ്രീമതി അന്നമോൾ ആഗസ്തി	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-07-2022	31-12-2022
ശ്രീമതി ജിഷ കെ.പി	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-01-2023	31-03-2023
ശ്രീ രാജേഷ് കെ	വി.ഇ.ഒ	01-04-2022	31-03-2023

ഉള്ളടക്കം

ക്രമ നം	ഭാഗം **1**	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല.	1-1-1
3	ആസ്തികളുടെ മൂല്യനിർണ്ണയം നടത്തിയിട്ടില്ല	1-1-2
4	ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല	1-1-3
5	പ്രതിമാസ ബാങ്ക് റി കൺസിലിയേഷൻ പത്രിക തയാറാക്കിയിട്ടില്ല	1-1-4
6	വാർഷികകണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല	1-1-5
7	ലെഡ്ജർ ബാലൻസുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല	1-1-6
8	ബജറ്റ്	1-2
9	ഗ്രാന്റ് വിനിയോഗം	1-3
10	വികസനഫണ്ട് - ചെലവ് നിശ്ചിത ശതമാനം കൈവരിക്കാത്തതിനാൽ നഷ്ടം	1-3-1
11	പദ്ധതി അവലോകനം	1-4
12	അസി.എൻജിനിയറുടെ പ്രോജക്കുകൾ-ആസൂത്രണം ചെയ്തവ 31, നടപ്പാക്കിയത് 5.	1-4-1
13	തൊഴിലുറപ്പ പദ്ധതി	1-5
14	ക്യാഷ് പരിശോധന	1-6
15	ക്ഷേമ പദ്ധതികൾ	1-7
16	ആഭ്യന്തര നിയന്ത്രണം	1-8
17	തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യുന്നില്ല	1-9
18	തൊഴിലുറപ്പ പദ്ധതി-സാധനസാമഗ്രികൾ വിതരണം ചെയ്ത കോൺട്രാക്ടർമാരിൽ നിന്നും 2% TDS തുക ഈടാക്കിയിട്ടില്ല.	1-10
19	ലൈഫ് ഭവന പദ്ധതി-അർഹതപ്പെട്ടതിലും അധികം തുക നൽകി	1-11
20	പി.എച്ച്.സി -യിൽ ജനറേറ്റർ പ്രവർത്തനക്ഷമമാക്കിയിട്ടില്ല.	1-12
21	വട്ടവട മൾട്ടി അമിനിറ്റി ഹബ്ബ്-പദ്ധതി ഗ്രാമപഞ്ചായത്തിന്റെ വരുമാനമാർഗ്ഗമായി പ്രയോജനപ്പെടുത്തുന്നില്ല	1-13
22	കരാറുകാരന് നൽകിയ മുൻകൂർ തുകയുടെ ക്രമീകരണ വിവരമില്ല	1-14
23	ഓണം മുൻകൂറുകൾ ക്രമീകരിക്കുവാൻ അവശേഷിക്കുന്നു.	1-15
24	കെ.എസ്.ഇ.ബി-യിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള തുകയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമല്ല	1-16
ഭാഗം **2**		
--- No Records Found ---		
ഭാഗം **3**		
--- No Records Found ---		

ഭാഗം **4**		
1	സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം	4-2
3	മൊബിലൈസേഷൻ അഡ്വാൻസ്	4-3
4	വായ്പ/വായ്പ തിരിച്ചടവ്	4-4
5	സ്ഥിര നിക്ഷേപം	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം	4-7
8	ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	ലൈഫ് ഭവന പദ്ധതി ധനസഹായമിനത്തിൽ കൈപ്പറ്റിയ തുകയുടെ വിശദാംശങ്ങൾ രേഖപ്പെടുത്താത്തതും അപൂർണ്ണമായ സഹായ വിവരങ്ങൾ ഉൾപ്പെട്ടിട്ടുള്ളതുമായ ഗുണഭോക്ത്താക്കളുടെ പേര് വിവരങ്ങൾ (ഖണ്ഡിക 1-14)	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങൾ, 2011 KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 01.07.2023-ലെ 2(1) നം. കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 03.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള വട്ടവട ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും, 31.03.2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ, വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി വട്ടവട ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ, സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും

ന്യായവുമായ ചിത്രം നൽകുന്നു.

തൊടുപുഴ
27.09.2023

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി

1-1-1 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല.

വാർഷിക കണക്കിൽ റേഷ്യോസ് (അടിസ്ഥാന അനുപാതങ്ങൾ) സെക്രട്ടറിയുടെ കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 ആസ്തികളുടെ മൂല്യനിർണ്ണയം നടത്തിയിട്ടില്ല

പുതുതായി സൃഷ്ടിക്കുന്ന ആസ്തികളുടെ വിവരം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നില്ല. ആസ്തികളുടെ ക്രോഡീകരണം, മൂല്യനിർണ്ണയം എന്നിവ പൂർത്തീയാക്കി ധനകാര്യപത്രികയുമായി ബന്ധിപ്പിച്ചിട്ടില്ല.

1-1-3 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോ ₹11770827/- ആണ്. എന്നാൽ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുക ₹2095068/- ആണ്.

1-1-4 പ്രതിമാസ ബാങ്ക് റി കൺസിലിയേഷൻ പത്രിക തയാറാക്കിയിട്ടില്ല

ഇ-പേയ്മെന്റ് അക്കൗണ്ടിന്റെ (നം. 37519293370) പ്രതിമാസ ബാങ്ക് റികൺസിലിയേഷൻ പത്രിക തയാറാക്കുന്നില്ല.

1-1-5 വാർഷികകണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല

ബി-15 ഷെഡ്യൂൾ പ്രകാരം തൻവർഷം വാടക കുടിശികയില്ല. മുൻ വർഷ കുടിശികയായി ₹279226/- ഉൾപ്പെടുത്തിയിട്ടുണ്ട്. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാലും തൻ വർഷ വാടക രജിസ്റ്ററിൽ ഡിമാന്റ് കളക്ഷൻ തുകകൾ രേഖപ്പെടുത്താത്തതിനാലും വാർഷികകണക്കിൽ വ്യക്തതയില്ല.

1-1-6 ലെഡ്ജർ ബാലൻസുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല

സ്ഥാപനം ആഭ്യന്തര നിയന്ത്രണത്തിന്റെ ഭാഗമായി ലെഡ്ജർ ബാലൻസുകളും അതത് ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.

1-2 ബജറ്റ്

2022-23 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 14/03/2022 ലെ 1ാം നമ്പർ തീരുമാന പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ചു. 23/03/2022 ലെ 1 (1)-ാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റിയിൽ അംഗീകാരം നേടി. ബജറ്റ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

	2022-23-ലെ ബജറ്റ്	**2022-23**- ലെ പരിഷ്കരിച്ച ബജറ്റ്
ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകാരം	14/03/2022 ലെ 1-ാം നമ്പർ തീരുമാനം	27/01/2023 ലെ 2-ാം നമ്പർ തീരുമാനം
പഞ്ചായത്ത് കമ്മിറ്റിയിൽ	23/03/2022 ലെ 1(1)-ാം നമ്പർ തീരുമാനം	28/02/2023 ലെ 1-ാം നമ്പർ തീരുമാനം

അംഗീകാരം		
മുന്നിരിപ്പ്	₹18406082/-	₹3965932/-
വരവ്	₹75271620/-	₹86224620/-
ആകെ വരവ്	₹93677702/-	₹90190552/-
ആകെ ചെലവ്	₹80694000/-	₹89072450/-
മിച്ചം	₹12983702/-	₹1118102/-

1-3 ഗ്രാന്റ് വിനിയോഗം

ഫണ്ടിനം		മുന്നിരിപ്പ് ₹	വരവ്/ അലോട്ട്മെന്റ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരിപ്പ് ₹
വികസന ഫണ്ട്	പൊതുവിഭാഗം	0	15971000	15971000	14757785	
	എസ്.സി.പി.	0	4366970	4366970	2478799	
	ടി.എസ്.പി.	0	2426000	2426000	2169568	
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied)		2296206	3906742	6202948	3703959	2498989
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied)		2778892	4063992	6842884	1718870	5124014
സംരക്ഷണ ഗ്രാന്റ്	റോഡിതരം	0	4570000	4570000	1625910	-
	റോഡ്	0	2984000	2984000	0	-
വെസ്റ്റേൺഘട്ട് (320100186)		554761	22039	576802	0	576802
എം.ജി.എൻ.ആർ. .ഇ.ജി.എ(320100128)		0	2158403	2158403	1184583	973820
ബ്ലോക്ക് പഞ്ചായത്ത് വിഹിതം(32070404)		0	1580000	1580000	1480000	100000
ഹെൽത്ത് ഗ്രാന്റ്(320100201)		0	234875	234875	95000	139875
ജലനിധി(320300102)		1921688	1	1921689	74101	1847588
വട്ടവട മാതൃകഗ്രാമം		22400000	7000000	29400000	0	29400000
ശുചിത്വമിഷൻ		739074	0	739074	0	739074
കേരളോത്സവം		10000	0	10000	0	10000
എ.സി.ഡി.എസ്.		362966	0	362966	0	362966

1-3-1 വികസനഫണ്ട് - ചെലവ് നിശ്ചിത ശതമാനം കൈവരിക്കാത്തതിനാൽ നഷ്ടം

15.07.2021-ലെ സ.ഉ(കൈ)നം.79/2021/ധന. പ്രകാരം 2022-23 സാമ്പത്തിക വർഷം അനുവദിച്ച ഫണ്ടിന്റെ 80 ശതമാനത്തിൽ കുറയാതെ ചെലവഴിക്കാത്തപക്ഷം അനുവദിച്ച തുകയുടെ പരമാവധി 20 ശതമാനം വരെ മാത്രമേ അടുത്ത സാമ്പത്തിക വർഷം ക്യാരിഓവർ ചെയ്യുവാൻ അനുമതിയുള്ളൂ. അതിനാൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം തുക ലാപ്സായിട്ടുണ്ട്.

	അലോട്ട്മെന്റ് ₹	ചെലവ് ₹	നീക്കിയിരിപ്പ് ₹	ചെലവ് ശതമാനം	2023-24ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക ₹	ലാപ്സായ തുക ₹
മെയിന്റനൻസ് ഫണ്ട് (റോഡ്)	2984000	0	2984000	0	596800	2387200
മെയിന്റനൻസ് ഫണ്ട്(നോൺ	4570000	1625910	2944090	35.57%	914000	2030090

റോഡ്)						
വികസന ഫണ്ട് എസ്.സി.പി.	4366970	2478799	1888171	56.72%	873394	1014777

എസ്.സി.പി. ഫണ്ടിനത്തിൽ ലാപ്സായ തുക അടുത്ത വർഷത്തെ വികസനഫണ്ട് പൊതുവിഭാഗത്തിൽ നിന്ന് കുറവ് ചെയ്ത് ക്രമീകരിക്കുന്നതാണ്.

1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

അംഗീകാരം ലഭിച്ച പദ്ധതികൾ	പദ്ധതി അടങ്കൽ	നടപ്പാക്കിയ പദ്ധതികൾ	പദ്ധതി ചെലവ്	നടപ്പാക്കാത്ത പദ്ധതികളുടെ എണ്ണം	പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം
97	148544471	49	23970443	48	50.51

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥർ	പദ്ധതികളുടെ എണ്ണം	നടപ്പാക്കിയവ	അടങ്കൽ (₹)	ചെലവ് (₹)	ചെലവ് %
മെഡിക്കൽ ഓഫിസർ (ആരോഗ്യം)	11	8	2816495	2226838	79.06
മെഡിക്കൽ ഓഫിസർ (ഹോമിയോ)	1	0	50000	0	0
മെഡിക്കൽ ഓഫിസർ (ആയുർവ്വേദം)	2	2	175000	175000	100.00
വെറ്ററിനറി സർജൻ	1	1	100000	100000	100.00
വി.ഇ.ഒ.	5	1	100360001	400000	0.39
ഐ.സി.ഡി.എസ്. സൂപ്പർവൈസർ	6	6	2970863	1982084	66.71
സെക്രട്ടറി	40	26	27406939	17107420	62.76
അസി. എഞ്ചിനീയർ	31	5	14665173	1885447	12.85
ആകെ	97	49	148544471	23970443	16.13

തൻ വർഷം പദ്ധതി പ്രവർത്തനങ്ങൾക്കായി വകയിരുത്തിയ തുകയുടെ 16.13% മാത്രമാണ് വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളത്. ആകെ തയ്യാറാക്കിയ 97 പദ്ധതികളിൽ 49 പദ്ധതികൾ മാത്രമാണ് നടപ്പാക്കാൻ സാധിച്ചിട്ടുള്ളത്. 31 പൊതുമരാമത്ത് പ്രവൃത്തികൾക്ക് തൻവർഷം അംഗീകാരം ലഭിച്ചിരുന്നെങ്കിലും കേവലം 5 പ്രോജക്ടുകൾ മാത്രമാണ് തൻവർഷം പൂർണമായോ ഭാഗികമായോ നടപ്പാക്കിയത്. പൊതുമരാമത്ത് പ്രവൃത്തികൾക്കായി വകയിരുത്തിയ തുകയുടെ 12.85% മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്. നിർമ്മാണ സാധനങ്ങളുടെ വില അനുദിനം കമ്പോളത്തിൽ വർദ്ധിക്കുന്നതും സാധനസാമഗ്രികൾ പ്രവൃത്തി സ്ഥലത്ത് എത്തിക്കുന്നതിലുള്ള ബുദ്ധിമുട്ടും സാധനസാമഗ്രികളുടെ ഉയർന്ന തോതിലുള്ള ലോക്കൽ മാർക്കറ്റ് നിരക്കും കരാറുകാർ ടെണ്ടർ നടപടികളിൽ പങ്കെടുക്കുന്നതിന് തടസ്സമാകുന്നു. മെയിന്റനൻസ് ഗ്രാന്റ് റോഡ് വിഹിതം വകയിരുത്തി അംഗീകാരം വാങ്ങിയ പൊതുമരാമത്ത് പ്രവൃത്തികളിൽ ഒന്നുപോലും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. മെയിന്റനൻസ് ഗ്രാന്റ് റോഡിതരം ഫണ്ടിനത്തിലുള്ള ചെലവ് 33.62% മാത്രമാണ്. 2022-23 വർഷം ചെലവഴിക്കാൻ കഴിയാത്ത തുകയുടെ 20% മാത്രമാണ് അടുത്ത സാമ്പത്തിക വർഷത്തേക്ക് ക്യാരി ഓവർ ചെയ്യുവാൻ

കഴിയുമെന്നിരിക്കെ ഗ്രാമപഞ്ചായത്തിന് വികസന ഫണ്ടിനത്തിൽ ഗണ്യമായ തുക ലാപ്സായിരിക്കുകയാണ്.

1-4-1 അസി.എൻജിനിയറുടെ പ്രോജക്ടുകൾ-ആസൂത്രണം ചെയ്തവ 31, നടപ്പാക്കിയത് 5.

അസി.എൻജിനീയർ മുഖേന നടപ്പാക്കുന്നതിന് തൻവർഷം 31 പ്രോജക്ടുകൾ ആസൂത്രണം ചെയ്യുകയും അവയ്ക്ക് വിവിധ തലങ്ങളിൽ നിന്ന് അംഗീകാരം ലഭിക്കുകയും ചെയ്തിരുന്നു. ഇവയിൽ 9 എണ്ണം സ്പിൽ ഓവർ പ്രോജക്ടുകളാണ്. എന്നാൽ കേവലം 5 പ്രോജക്ടുകൾ മാത്രമാണ് തൻവർഷം പൂർണമായോ ഭാഗികമായോ നടപ്പാക്കിയത്.

ആകെ അടങ്കൽ തുക	₹ 1,46,65,173
ചെലവഴിച്ച തുക	₹ 18,85,447
ചെലവ് ശതമാനം	12.85 %

തൻവർഷം നടപ്പാക്കാൻ കഴിയാതെ 25 പ്രോജക്ടുകളുണ്ടായിരുന്നുവെങ്കിലും 7 എണ്ണം മാത്രമാണ് 2023-24-ൽ സ്പിൽ ഓവറായി നിലനിർത്തി അംഗീകാരം വാങ്ങിയിട്ടുള്ളത്. വാർഡ് അടിസ്ഥാനത്തിൽ ഫണ്ടുകൾ വീതം വയ്ക്കുന്നതുവഴി പ്രോജക്ടുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും, സാങ്കേതികവിഭാഗം ജീവനക്കാരുടെ പരിമിതമായ മനുഷ്യശേഷിയും സമയവും വിനിയോഗിച്ച് അവ യഥാസമയം നിർവഹിക്കാൻ കഴിയാതെ വരികയും ചെയ്യുന്നുവെന്നതാണ് യഥാർത്ഥ വസ്തുത. ഇത്തരത്തിലുള്ള പദ്ധതി നിർവഹണത്തിന്റെ ആത്യന്തികമായ നഷ്ടം പേറേണ്ടി വരുന്നത് പശ്ചാത്തല സൗകര്യത്തിന്റെ അഭാവംമൂലം ബുദ്ധിമുട്ടുന്ന ജനങ്ങൾ തന്നെയാണ്. അനുദിനം കമ്പോളത്തിൽ നിർമാണ സാധനങ്ങളുടെ വില വർദ്ധിക്കുന്നതുമൂലം പ്രോജക്ടുകൾ തുടർന്നുള്ള സാമ്പത്തികവർഷങ്ങളിൽ പൂർത്തിയാക്കേണ്ടി വരുന്നത് അവയുടെ ഗുണനിലവാരത്തെ സാരമായി ബാധിക്കുമെന്നത് നിസ്തർക്കമാണ്. കൂടാതെ അതാത് വർഷം പ്രോജക്ടുകൾക്ക് വകയിരുത്തുന്ന തുകകൾ ചെലവഴിക്കാതെ വരുന്ന സാഹചര്യത്തിൽ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ കുറവുവരാനും തുടർവർഷങ്ങളിൽ നൂതനമായ പ്രോജക്ടുകൾക്ക് വിഭവസമാഹരണം സാധ്യമാകാത്ത സാഹചര്യം സൃഷ്ടിക്കുവാനും ഇടയാകും. പഞ്ചായത്തിന്റെയും സർവോപരി ജനങ്ങളുടെയും ഉത്തമസാമ്പത്തിക താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി, ആവിഷ്കരിക്കപ്പെടുന്ന പ്രോജക്ടുകൾ സമയബന്ധിതവും കാര്യക്ഷമവുമായി നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

1-5 തൊഴിലുറപ്പു പദ്ധതി

ഫണ്ടിനം	മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരിപ്പ് ₹
എസ്റ്റാബ്ലിഷ്മെന്റ്	25510	2158403	2183913	1210093	973820
തൊഴിലാളികളുടെ കൂലി		35064214	35064214	35064214	

1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.07.2023 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പില്ലായെന്ന് ബോധ്യപ്പെട്ടു.

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമ പദ്ധതികളുടെ പേര്	ചെലവഴിച്ച തുക ₹	ഗുണഭോക്താക്കളുടെ എണ്ണം
വിധവാപെൻഷൻ	19,00,200	202
വാർദ്ധക്യകാല പെൻഷൻ	42,49,800	486
വികലാംഗ പെൻഷൻ	5,05,600	52

1-8 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട പ്രസക്ത വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്.
- വളരെ പരിമിതമായ വരുമാന സ്രോതസുകൾ മാത്രമാണ് ഗ്രാമ പഞ്ചായത്തിനുള്ളത്. എന്നാൽ അവ പരമാവധി ചൂഷണം ചെയ്ത് വരുമാനം വർദ്ധിപ്പിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചിട്ടില്ല. പിരിവ് ശതമാനവും വരവിനങ്ങളിലെ വൻ കുടിശ്ശികയും അക്കാര്യം സ്ഥിരീകരിക്കുന്നു.
- സർക്കാർ ഗ്രാന്റുകളെ ആശ്രയിച്ചാണ് പഞ്ചായത്തിന്റെ ദൈനംദിന ചെലവുകൾ നടന്ന് വരുന്നത്. റവന്യൂ പിരിവിലെ പുരോഗതിയില്ലായ്മ കാരണം വികസന ഫണ്ട് അലോട്ട്മെന്റിൽ പോലും കുറവ് വരുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്.
- ഇ-പേമെന്റിനുള്ള കറന്റ് അക്കൗണ്ടിൽ ഗണ്യമായ തുക സൂക്ഷിക്കുന്നതിനാൽ പലിശ വരവിൽ നഷ്ടം സംഭവിക്കുന്നു.
- ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമാണ്. ഓരോ ദിവസവും ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി ഏൽപ്പിച്ച് നൽകുന്ന രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. ഓരോ ദിവസവും നൽകേണ്ട സേവനങ്ങളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിപാലിക്കുന്നുണ്ട്.
- കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, മറ്റ് സ്ഥാപനങ്ങൾ, വകുപ്പുകൾ തുടങ്ങിയവ നൽകുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ്, മിച്ചം വന്ന തുകയുടെ തിരിച്ചടവ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല. പ്രസ്തുത ഗ്രാന്റുകളിൽ പലതും ശമ്പളത്തിനും അനുബന്ധ ചെലവുകൾക്കുമായി ചെലവഴിച്ചത് മൂലം അവ രേഖകളിൽ മാത്രമാണ് ശേഷിക്കുന്നത്.
- പുതുതായി സൃഷ്ടിക്കുന്ന ആസ്തികളുടെ വിവരം ആസ്തി രജിസ്റ്ററുകളിൽ ഉൾപ്പെടുത്തുന്നില്ല. ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം പരിപാലിക്കേണ്ടതാണ്.
- പട്ടികജാതി, പട്ടികവർഗ്ഗ പദ്ധതികൾ നടപ്പാക്കേണ്ട അസി. സെക്രട്ടറിക്ക് തൻവർഷം പദ്ധതി നിർവ്വഹണ ചുമതല നൽകിയിട്ടില്ല.

.ആസ്തികളുടെ ക്രോഡീകരണം, മൂല്യനിർണ്ണയം എന്നിവ പൂർത്തിയാക്കി ധനകാര്യ പത്രികയുമായി സംയോജിപ്പിച്ചിട്ടില്ല.

.ഒന്നര കോടിയോളം രൂപ ചെലവഴിച്ച് പൂർത്തിയാക്കിയ മൾട്ടി അമിനിറ്റി ഹബ്ബ് പദ്ധതി ലക്ഷ്യത്തിനനുസൃതമായി ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാന സ്രോതസ്സായി കമ്മീഷൻ ചെയ്യുവാൻ കഴിഞ്ഞിട്ടില്ല.

.ശരിയായ മോണിട്ടറിംഗിന്റെ അഭാവം മൂലം പദ്ധതി തുക ചെലവഴിക്കുന്നതിൽ വീഴ്ച വരുത്തി.വകയിരുത്തിയ തുകയുടെ 16.13% മാത്രമാണ് വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളത്. 2022-23 വർഷം ചെലവഴിക്കാൻ കഴിയാത്ത തുകയുടെ 20% മാത്രമാണ് അടുത്ത സാമ്പത്തിക വർഷത്തേക്ക് ക്യാരി ഓവർ ചെയ്യുവാൻ കഴിയുമെന്നിരിക്കെ ഗ്രാമ പഞ്ചായത്തിന് വികസന ഫണ്ടിനത്തിൽ ഗണ്യമായ തുക ലാപ്സായിരിക്കുകയാണ്.

1-9 തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യുന്നില്ല

1.9.1 തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യുന്നില്ല

14.03.2022 മുതൽ 03.07.2023 വരെ വട്ടവട ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 20 യോഗങ്ങൾ നടന്നിട്ടുണ്ട് . മിനിട്ട്സ് പരിശോധിച്ചതിൽ യോഗങ്ങളിൽ ഒന്നും തന്നെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുകയോ, തനത് വരുമാനം വർദ്ധിപ്പിക്കുന്നതിലേക്കായി ഭരണ സമിതിക്ക് ശിപാർശകൾ നൽകുകയോ ചെയ്തിട്ടില്ല. തനത് വരുമാനം കുറഞ്ഞ പഞ്ചായത്തിൽ ആയത് വർദ്ധിപ്പിക്കുന്നതിലേക്കുള്ള മാർഗ്ഗങ്ങളെപ്പറ്റി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യേണ്ടതും പ്രസ്തുത മാർഗ്ഗങ്ങൾ ഭരണസമിതിയിൽ അവതരിപ്പിച്ചു നടപ്പിലാക്കുന്നതിൽ ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

1.9.2 സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

1) 01.06.2022ലെ സ.ഉ.(കൈ) നം.117/2022/LSGD പ്രകാരം വരവിനങ്ങളുടെ കുടിശ്ശികയും, കുടിശ്ശിക കാലയളവും സൂചിപ്പിക്കുന്ന ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതുണ്ട്. പ്രസ്തുത രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു സമർപ്പിച്ച ഓഡിറ്റ് അന്വേഷണകുറിപ്പ് (03/21.07.2023) ലഭ്യമാക്കിയ മറുപടിയിൽ നിലവിൽ രജിസ്റ്റർ പരിപാലിക്കുന്നില്ലെന്നും, തയാറാക്കി സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കുടിശ്ശികയും കാലയളവും സൂചിപ്പിക്കുന്ന രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2) എല്ലാ നികുതിവരുമാനങ്ങളുടെയും ഡി.സി.ബി. സ്റ്റേറ്റ്മെന്റ് തയ്യാറാക്കി കുറഞ്ഞത് മൂന്നു മാസത്തിലൊരിക്കലെങ്കിലും പ്രാദേശിക സർക്കാരുകളുടെ യോഗത്തിൽ സമർപ്പിക്കേണ്ടതും പ്രാദേശിക സർക്കാർ ഭരണസമിതി പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണെന്നും, നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളും നടത്തേണ്ടതാണെന്നും 01.06.2022ലെ സ.ഉ.(കൈ) നം.117/2022/LSGD പ്രകാരം നിർദ്ദേശം നല്കിയിട്ടുണ്ട്. എന്നാൽ ഗ്രാമസഭ യോഗങ്ങളുടെ മിനിറ്റ്സ്, ഭരണ സമിതി യോഗങ്ങളുടെ മിനിറ്റ്സ് എന്നിവ പരിശോധിച്ചതിൽ ഇപ്രകാരമുള്ള അവലോകനം നടന്നിട്ടില്ല. മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് തനത് വരുമാനങ്ങളുടെ ഡി സി ബി പത്രിക തയ്യാറാക്കേണ്ടതും ഗ്രാമസഭകളിലും ഭരണ സമിതി യോഗങ്ങളിലും അവലോകനം നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

1.9.3 വരവിനങ്ങളിൽ വൻ കുടിശ്ശിക നിലനില്ക്കുന്നു

2022-23 വാർഷിക ധനകാര്യപത്രിക അനുസരിച്ച് വസ്തു നികുതി അടക്കമുള്ള വരവിനങ്ങളിൽ കുടിശ്ശിക നിലനില്ക്കുന്നു. ധനകാര്യ പത്രികയുടെ ബി-15 ഷെഡ്യൂൾ പ്രകാരം വരവിനങ്ങളിൽ വരുന്ന കുടിശ്ശികയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

ക്രമ.നമ്പർ	ഇനം	തുക ₹
1	Property Tax On Residential Buildings(Current)	19835
2	Property Tax On Residential Buildings(Arrears)	91041
3	Property Tax On Non-Residential Buildings(Current)	207954
4	Property Tax On Non-Residential Buildings(Arrears)	158009
5	Rent From Buildings(Arrears)	279226

ഗ്രാമപഞ്ചായത്തിന് വളരെ പരിമിതമായ വരുമാന സ്രോതസ്സുകൾ മാത്രമാണുള്ളത് ആയതിനാൽ നികുതി തുകകൾ, വാടക എന്നിവ കാലികമായി പിരിച്ചെടുക്കാൻ നിഷ്കർഷ ഉണ്ടാവേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സജീവ ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

1.9.4 തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് ലഭ്യമാക്കിയിട്ടില്ല.

സ്ഥാപനങ്ങൾ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ അവയിലെ ജീവനക്കാർ, സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതുണ്ട് ആയത് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് 03/21.07.2023 നു ലഭ്യമാക്കിയ മറുപടിയിൽ നിലവിൽ ഡാറ്റാ ബേസ് പരിപാലിക്കുന്നില്ലെന്നും, തയാറാക്കി സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി അടക്കാൻ ബാദ്ധ്യസ്ഥാരായവരുടെ ഡാറ്റാബേസ് തയാറാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതും, ഡിമാൻഡ് നോട്ടീസ് നൽകി നികുതി കാലികമായി പിരിച്ചെടുക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-10 തൊഴിലുറപ്പു പദ്ധതി-സാധനസാമഗ്രികൾ വിതരണം ചെയ്ത കോൺട്രാക്ടർമാരിൽ നിന്നും 2% TDS തുക ഈടാക്കിയിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

ഒരു കരാർ പ്രകാരം വാർഷിക അടിസ്ഥാനത്തിൽ സപ്ലൈ ചെയ്തതിന് തുക നൽകുന്ന വേളയിൽ ആയതിന്റെ മൂല്യം 2,50,000 രൂപയ്ക്ക് മുകളിലാണെങ്കിൽ CGSTനിയമം, സെക്ഷൻ 51 അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച 13.09.2018ലെ വിജ്ഞാപനം നം.50/2018 പ്രകാരം 01.10.2018 മുതൽ 2% ജി.എസ്.ടി. നിർവ്വഹണോദ്യോഗസ്ഥൻ ബില്ലിൽ നിന്ന് ഈടാക്കണം. നികുതി ബാധകമായ ഇനങ്ങളുടെ നികുതി കിഴിച്ചുള്ള വിലയുടെ 2% ആണ് TDS നടത്തി നികുതി വകുപ്പിന് ഒടുക്കേണ്ടത്. ഈടാക്കിയ TDS തുക മാസം അവസാനിച്ച് 10 ദിവസത്തിനകം സർക്കാരിലേക്ക് GSTR-7 ആയി അടവാക്കേണ്ടതാണ് (വകുപ്പ് 51(2)) . എന്നാൽ MGNREGS ന് മെറ്റീരിയൽ പർച്ചേസ് നടത്തി കരാറുകാർക്ക് തുക അനുവദിച്ചപ്പോൾ 2% TDS തുക നിശ്ചിത സമയ പരിധി കഴിഞ്ഞ് മാത്രമാണ് കോൺട്രാക്ടർമാരിൽ നിന്നും ഈടാക്കിയിട്ടുള്ളത്. 2022-23 വർഷത്തിൽ MGNREGS ന് മെറ്റീരിയൽ സപ്ലൈ ചെയ്ത 3 കോൺട്രാക്ടർമാരിൽ 2

കോൺട്രാക്ടർമാരുടെ 2% TDS തുക ഈടാക്കി തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു. ഒരു കോൺട്രാക്ടറിൽ നിന്നും TDS ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

മെറ്റീരിയൽ സപ്ലൈ ചെയ്ത കോൺട്രാക്ടർമാരുടെ പേര്	പ്രവർത്തികളുടെ എണ്ണം	2% TDS തുക ₹	
സദാപ്പി ഇ.റ്റി	ലഭ്യമല്ല	82,960	ഈടാക്കിയ TDS തുക തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു
എൽദോ എബ്രഹാം	ലഭ്യമല്ല	79,070	ഈടാക്കിയ TDS തുക തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു
ശരവണകുമാർ	17	1,34,260	TDS ഈടാക്കിയിട്ടില്ല.

GSTR 7-ഫയൽ ചെയ്യുന്നതിൽ വീഴ്ച വരുത്തൽ, തുക കുറവ് ചെയ്യാതിരിക്കൽ, തുക ഒടുക്കാതിരിക്കൽ CGST/SGST വകുപ്പ് 39(1), 47(1), 122(1) V പ്രകാരം പിഴ എന്നിവ നിർവ്വഹണോദ്യോഗസ്ഥന്റെ നഷ്ടോത്തരവാദിത്വമായിരിക്കും എന്നിരിക്കെ, ആയതിന് വിരുദ്ധമായി നിർവ്വഹണം നടത്തിയത് ക്രമപ്രകാരമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറി (നം:1/20.7.23) മറുപടിയിൽ തനത് ഫണ്ടിൽ നിക്ഷേപിച്ച തുക ജി.എസ്.ടി വകുപ്പിൽ ഒടുക്കി എന്നും ബാക്കി തുക എത്രയും പെട്ടെന്ന് ഈടാക്കി ഒടുക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഒടുക്ക് വിവരം ലഭ്യമാക്കേണ്ടതാണ്. CGST/SGST നിയമപ്രകാരം ബില്ലുകളിൽ നിന്ന് ടി.ഡി.എസ് നടത്താൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-11 ലൈഫ് ഭവന പദ്ധതി-അർഹതപ്പെട്ടതിലും അധികം തുക നൽകി

ഭൂമി സ്വന്തമായുള്ള ഭവനരഹിതരായ 789 കുടുംബങ്ങളെ ഉൾപ്പെടുത്തി ലൈഫ് ഭവനപദ്ധതിയുടെ അന്തിമ ഗുണഭോക്തൃ പട്ടിക തയ്യാറാക്കുകയും ഇതിൽ 698 പേർക്ക് ധനസഹായത്തിന്റെ വിവിധ ഗഡുക്കൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. (ഇത് സംബന്ധിച്ച് 2021-22 ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-13 കാണുക.) പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സർക്കാർ നിശ്ചയിച്ച പരിധിയിലും അധികരിച്ച് ധനസഹായം നൽകി

സർക്കാർ ഉത്തരവുകൾ അനുസരിച്ചുള്ള ധനസഹായം

വിഭാഗം	ധനസഹായ തുക ₹
ജനറൽ	400000/
എസ്.സി	400000
എസ്.റ്റി	600000

ലൈഫ് ഭവന പദ്ധതി പ്രകാരം ധനസഹായം കൈപ്പറ്റിയിട്ടുള്ള ഗുണഭോക്ത്താക്കൾ അർഹമായ മുഴുവൻ തുകയും കൈപ്പറ്റിയിട്ടുണ്ടെങ്കിലും ചില ഗുണഭോക്താക്കൾ 1,2,3 ഘട്ടങ്ങളിലെ പണികൾ മാത്രമാണ് (മേൽക്കൂര വരെ) പൂർത്തികരിച്ചിട്ടുള്ളത്. അർഹമായ ധനസഹായത്തിലും അധികമായി കൈപ്പറ്റിയവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വാർഡ് നം	ഗുണഭോക്താവിന്റെ പേര്	വിഭാഗം	നൽകിയ തുക ₹	നൽകാവുന്ന തുക ₹	അധികം നൽകിയ തുക ₹	ഭവനത്തിന്റെ നിലവിലെ സ്ഥിതി
1	മഹേന്ദ്രൻ	എസ്.ടി	6,00000	6,20,000	20,000	റൂഫിംഗ്
	രാമരാജ്	എസ്.ടി	6,00000	6,50,000	50,000	പൂർത്തികരിച്ചു
	വീരസാമി	എസ്.ടി	6,00000	6,20,000	20,000	പൂർത്തികരിച്ചു

	അർജ്ജുനൻ	എസ്.ടി	6,00000	6,30,000	30,000	പൂർത്തികരിച്ചു
	രാമു	എസ്.ടി	6,00000	6,10,000	10,000	പൂർത്തികരിച്ചു
	സുബ്രമണി	എസ്.ടി	6,00000	6,30,000	30,000	റൂഫിംഗ് വരെ
	ഭരതൻ	എസ്.ടി	6,00000	6,20,000	20,000	പൂർത്തികരിച്ചു
	അയ്യപ്പൻ	എസ്.ടി	6,00000	6,20,000	20,000	പൂർത്തികരിച്ചു
	ലലിതാമണി	എസ്.ടി	6,00000	6,20,000	20,000	പൂർത്തികരിച്ചു
	ലക്ഷ്മണൻ	എസ്.ടി	6,00000	6,60,000	60,000	പൂർത്തികരിച്ചു
	കലസാമി	എസ്.ടി	6,00000	6,20,000	20,000	പൂർത്തികരിച്ചു
13	ചിന്നമണി	എസ്.ടി	6,00000	6,60,000	60,000	റൂഫിംഗ് വരെ
12	രാജേശ്വരി	എസ്.ടി	6,00000	6,30,000	30,000	റൂഫിംഗ് വരെ
	പരസമുത്തു ഡി.	എസ്.ടി	6,00000	6,40,000	40,000	പൂർത്തികരിച്ചു
11	രാമൻ	എസ്.സി	4,00000	4,20000	20,000	പൂർത്തികരിച്ചു
3	സൗന്തർ രാജ്	എസ്.സി	4,00000	5,20000	1,20,000	പൂർത്തികരിച്ചു
4	പാൽരാജ് കെ.എസ്.	എസ്.സി	4,00000	4,60000	60,000	പൂർത്തികരിച്ചു
	ആകെ അധികം നൽകിയത്				6,30,000	

അധികം നൽകിയ തുക ₹6,30,000/- തിരികെ ഈടാക്കേണ്ടതാണ്.

ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടവരിൽ 698 പേർ ധനസഹായം കൈപ്പറ്റിയതായി കണക്കുകൾ സൂചിപ്പിക്കുന്നുവെങ്കിലും അവരുടെ വ്യക്തിഗത ഫയലുകൾ അപൂർണ്ണമാണ്.

ഗ്രാമപഞ്ചായത്ത് മുൻപാകെ ഭവന നിർമാണത്തിന് സമർപ്പിച്ച അപേക്ഷ, കരാർ, സ്റ്റേജ് സാക്ഷ്യപത്രങ്ങൾ, തുക അനുവദിക്കുന്നതിനുള്ള ശുപാർശ/അനുമതി, ഫോട്ടോകൾ, പൂർത്തീകരണ സാക്ഷ്യപത്രം, തുക ക്രെഡിറ്റ് ചെയ്ത ബാങ്ക് രേഖകൾ, മോണിട്ടറിംഗ് സമിതി റിപ്പോർട്ട് തുടങ്ങിയ വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമായില്ല.

2. ധനസഹായം കൈപ്പറ്റിയ 698 ഗുണഭോക്താക്കളിൽ അനുബന്ധം 3 ൽ പറയുന്ന ഗുണഭോക്താക്കളുടെ തുക ക്രെഡിറ്റ് ചെയ്ത ബാങ്ക് രേഖകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ലാത്തതിനാൽ ജില്ലാ പഞ്ചായത്ത് ലൈഫ് ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്യുന്ന തുകയുൾപ്പെടെയുള്ളവ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. അർഹതപ്പെട്ട തുകയെക്കാൾ അധികം തുക നൽകിയിട്ടുണ്ടോയെന്നുള്ള വിവരങ്ങൾ തിട്ടപ്പെടുത്തുന്നതിന് വിശദമായ പരിശോധന ആവശ്യമാണ്. പണി തുടങ്ങാത്തവർക്കും, ബേസ്മെന്റ് മാത്രം പണിതവർക്കും അവർക്ക് നൽകുവാൻ അർഹതയുള്ള തുകയെക്കാളും അധികം തുക നൽകിയിട്ടുണ്ട്(അനുബന്ധം 3). രേഖകൾ ക്രമീകരിക്കുന്നതിനും അധികമായി നൽകിയ തുക ഈടാക്കുന്നതിനും പദ്ധതി യഥാവിധി പൂർത്തീകരിക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-12 പി.എച്ച്.സി -യിൽ ജനറേറ്റർ പ്രവർത്തനക്ഷമമാക്കിയിട്ടില്ല.

പദ്ധതി/നം	പി.എച്ച്.സി ക്ക് ജനറേറ്റർ വാങ്ങൾ-65/22-23
ബിൽ റഫറൻസ് നം-തുക-തീയതി	22100352010800915617 ₹498999/-15.12.22 22100352010800915616 ₹225001/-15.12.22
നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫിസർ (പി.എച്ച്.സി)

വട്ടവട പി.എച്ച്.സി ക്ക് ജനറേറ്റർ വാങ്ങി സ്ഥാപിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. പദ്ധതി നിർവ്വഹണം PWD ഇലക്ട്രിക്കൽ സെക്ഷൻ, പൈനാവ് എന്ന സ്ഥാപനത്തെ ഏൽപ്പിക്കുകയും മേൽ സൂചിത ബിൽ

പ്രകാരം ₹ 7,24,000/- പിൻവലിച്ച് പ്രസ്തുത സ്ഥാപനത്തിന് മുൻകൂറായി നൽകുകയും ചെയ്തു. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. തുക മുൻകൂറായി PWD ഇലക്ട്രിക്കൽ സെക്ഷന് നൽകിയെങ്കിലും ജനറേറ്റർ നാളിതുവരെ പ്രവർത്തനക്ഷമമാക്കിയിട്ടില്ല.
2. സ്ഥാപിക്കുന്ന ജനറേറ്റർ ഏത് കമ്പനിയുടെയതാണെന്ന് എസ്റ്റിമേറ്റിൽ വിവരിച്ചിട്ടില്ല.
3. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് PWD ഇലക്ട്രിക്കൽ സെക്ഷനുമായി കരാറിൽ ഏർപ്പെട്ടതിന്റെ വിവരങ്ങൾ ലഭ്യമല്ല. PWD ഇലക്ട്രിക്കൽ സെക്ഷൻ പ്രസ്തുത പദ്ധതി നിർവ്വഹണം വേറൊരു ഏജൻസിയെക്കൊണ്ടാണ് നടത്തിയിരിക്കുന്നത്. PWD ഇലക്ട്രിക്കൽ സെക്ഷനെ ഏൽപ്പിക്കാതെ പദ്ധതി നേരിട്ട് നടപ്പാക്കിയിരുന്നെങ്കിൽ സെന്റേജ് ചാർജ്ജുൾപ്പെടെയുള്ള അധിക ചെലവ് ഒഴിവാക്കാമായിരുന്നു.
4. മോണിട്ടറിംഗ് റിപ്പോർട്ട് ലഭ്യമല്ല.
5. എസ്റ്റിമേറ്റിൽ ജി.എസ്.ടി. പ്രൊവിഷനായി ₹1,02,232/- രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇത് ആരുടെ ജി.എസ്.ടി. അക്കൗണ്ടിൽ നിന്നാണ് നൽകുന്നത് എന്നുള്ളത് വ്യക്തമല്ല.
6. ടെസ്റ്റിംഗ് ഫീസിനത്തിൽ കെ.എസ്.ഇ.ബി-ക്ക് ₹40,000/- വകയിരിത്തിട്ടുണ്ടെങ്കിലും ആയതിന്റെ ആവശ്യകത വ്യക്തമല്ല.
7. സ്ഥാപിച്ചിരിക്കുന്ന ജനറേറ്റർ Ashock Leyland -ന്റെ Ojus 25 Kva മോഡൽ ഡീസൽ ജനറേറ്ററാണ്. ഇതിനായി അനുവദിച്ചിരിക്കുന്ന വില ₹370837.91/- ആണ്. എന്നാൽ ഈ മോഡലിന്റെ കമ്പോള വില ₹3,35,000/- മാത്രമാണ്.

അപാകതകൾക്ക് വിശദീകരണം നൽകുവാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (5/21.7.23) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൻ ₹7,24,000/ യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-13 വട്ടവട മൾട്ടി അമിനിറ്റി ഹബ്ബ്-പദ്ധതി ഗ്രാമപഞ്ചായത്തിന്റെ വരുമാനമാർഗ്ഗമായി പ്രയോജനപ്പെടുത്തുന്നില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 03.04.17 ലെ ജി.ഒ(എം.എസ്)80/2017 നമ്പർ ഉത്തരവിലൂടെ പുറപ്പെടുവിച്ച പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡിയും അനുബന്ധവിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയിൽ വിനോദ സഞ്ചാര വികസന സാധ്യതകൾ പ്രയോജനപ്പെടുത്തുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പരിസ്ഥിതി സൗഹൃദ വിനോദ സഞ്ചാര സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി ആയുർവേദ സുഖചികിത്സാ സമ്പ്രദായത്തിന്റെ ഗുണങ്ങൾ സ്വദേശികളും വിദേശികളുമായ വിനോദ സഞ്ചാരികളിലേക്ക് എത്തിക്കുന്നതിന് ലക്ഷ്യമിട്ട് 2016-17 വർഷം ആവിഷ്കരിച്ച് അംഗീകാരം നേടിയ പദ്ധതിയാണ് വട്ടവട മൾട്ടി അമിനിറ്റി ഹബ്ബ്(പ്രോജക്ട് നം.92/17). ലോക ബാങ്ക് സഹായമിനത്തിൽ ലഭിച്ച ₹2,00,00,000/-പദ്ധതിക്കുവേണ്ടി വകയിരുത്തുകയും ചെയ്തിരുന്നു. 2017-18 വർഷം പദ്ധതി സ്പിൽ ഓവർ ആയി ഏറ്റെടുക്കുകയും (പ്രോജക്ട് 11/18) ₹1,48,37,414/-ചെലവഴിച്ച് കെട്ടിട നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. അമിനിറ്റി ഹബ്ബിലേക്ക് അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപ്പാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പദ്ധതിയുടെ പേര്/പ്രോജക്ട് നമ്പർ	പദ്ധതി അടങ്കൽ	പദ്ധതി ചെലവ്	ഫണ്ടിനം
വട്ടവട അമിനിറ്റി ഹബ്ബിലേക്ക് ഫർണീച്ചർ വാങ്ങൽ(10/19)	₹490000/	₹425000/- (ബിൽനം.1810052015800614248/	മെയിന്റനൻസ് ഗ്രാന്റ് റോഡിതരം

		8.10.2018)	
വട്ടവട മൾട്ടി അമിനിറ്റി ഹബ്ബിലേക്ക് ഫർണീച്ചർ(73/21)	₹490000/-	₹490000/- (ബിൽ നം.20100352015800418917/ 11.4.20)	മെയിന്റനൻസ് ഗ്രാന്റ് റോഡിതരം
വട്ടവട അമിനിറ്റി ഹബ്ബ് പ്രവർത്തന സജ്ജമാക്കൽ(88/21)	₹450000/-	₹450000/- (ബിൽ നം.20100352015800056601/ 11.4.20)	മെയിന്റനൻസ് ഗ്രാന്റ് റോഡിതരം
ആകെ		₹13,65,000/-	

താഴത്തെ നിലയിൽ 5 മുറികളും മുകളിലെ നിലയിൽ 4 മുറികളും 1 ഡോർമെട്രിയുമാണ് അമിനിറ്റി ഹബ്ബിൽ സജ്ജീകരിച്ചിട്ടുള്ളത്. കൊട്ടക്കാമ്പൂർ അമിനിറ്റി ഹബ്ബിലെ ഗ്രൗണ്ട് ഫ്ലോറിലുള്ള 1 മുറി പോലീസ് ഔട്ട് പോസ്റ്റ് സ്ഥാപിക്കുന്നതിനായി 10.2.2022 ലെ 5(1) നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റി അനുമതി നൽകിയിട്ടുണ്ട്. ആഭ്യന്തര വകുപ്പ് ഭൂമി കണ്ടെത്തി സ്വന്തമായി കെട്ടിടം പണിയണമെന്നും എത്രയും വേഗം പഞ്ചായത്ത് അനുവദിച്ച കെട്ടിട മുറി തിരിച്ചു നൽകണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. അമിനിറ്റി ഹബ്ബിന്റെ താഴത്തെ നിലയിലെ 2 മുറി ആയൂർവേദാശുപത്രിയുടെ പ്രവർത്തനത്തിനായി സജ്ജീകരിച്ചിട്ടുള്ളതാണ്. എന്നാൽ നിലവിൽ അമിനിറ്റി ഹബ്ബിലെ എല്ലാമുറികളും പോലീസ് ജീവനക്കാരും 108 ആംബുലൻസ് ജീവനക്കാരും സൗജന്യമായി ഉപയോഗിച്ചുവരുന്നു.

വിനോദ സഞ്ചാര മേഖലയിൽ അനന്ത സാധ്യതകളാണ് വട്ടവട ഗ്രാമ പഞ്ചായത്തിനുള്ളത്. സ്വദേശികളും വിദേശികളുമായ വിനോദ സഞ്ചാരികൾക്ക് താമസ സൗകര്യമൊരുക്കി ഗ്രാമ പഞ്ചായത്തിന്റെ തനതുവരുമാനം വർധിപ്പിക്കുന്നതിനുള്ള നല്ലൊരു മാർഗ്ഗമാണ് അമിനിറ്റി ഹബ്ബ്. പ്രതിദിനം ₹2000/-മുതൽ ₹5000/-വരെയാണ് വിനോദ സഞ്ചാരികളിൽ നിന്നും റിസോർട്ടുകൾ ഈടാക്കി വരുന്നത്. ഗ്രാമപഞ്ചായത്തിന്റെ വരവ് ചെലവ് വിടവ് നികത്തുന്നതിനായി പ്രതിവർഷം 1 കോടിയോളം രൂപയാണ് ഗ്യാപ് ഫണ്ടിനത്തിൽ സർക്കാരിൽ നിന്നും ലഭിച്ചുവരുന്നത്. തനതു വരുമാനം ₹1500000/-യിൽ താഴെ മാത്രമുള്ള ഗ്രാമ പഞ്ചായത്തിൽ വിവിധ പദ്ധതികൾക്കായി ലഭിക്കുന്ന മറ്റ് ഫണ്ടുകൾ ഉപയോഗിച്ചാണ് അനിവാര്യ ചുമതലകളും ജീവനക്കാർക്ക് ശമ്പളവും നൽകിവരുന്നത്. ഇത്തരം സാഹചര്യം നിലനിൽക്കുമ്പോഴാണ് ₹1,62,02,414/-ചെലവഴിച്ച് പൂർത്തിയാക്കിയ അമിനിറ്റി ഹബ്ബ് പദ്ധതി, ലക്ഷ്യത്തിനായി ഉപയോഗപ്പെടുത്തി പഞ്ചായത്തിന്റെ തനതുവരുമാനം വർധിപ്പിക്കുന്നതിനു പകരം, പോലീസ് ജീവനക്കാർക്കും ആംബുലൻസ് ജീവനക്കാർക്കും സൗജന്യ താമസത്തിനായി വിട്ടു നൽകിയിട്ടുള്ളത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻകുയറി നം.2/20.7.23) പ്രവർത്തന ബൈലോ തയ്യാറാക്കി അമിനിറ്റി ഹബ്ബ് പ്രവർത്തന ക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടി നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റ ധനസ്ഥിതി സംബന്ധിച്ച വിവരങ്ങൾ സംസ്ഥാന സർക്കാരിന്റെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തി അമിനിറ്റി ഹബ്ബ് കരാർ വ്യവസ്ഥയിൽ പാട്ടത്തിനു നൽകുന്നതിനോ ഗ്രാമ പഞ്ചായത്ത് സ്വയം ഏറ്റെടുത്തു നടത്തുന്നതിനോ ഉള്ള അനുമതി സർക്കാരിൽ നിന്നും ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-14 കരാറുകാരന് നൽകിയ മുൻകൂർ തുകയുടെ ക്രമീകരണ വിവരമില്ല

മുൻകൂർ രജിസ്റ്റർ പരിശോധിച്ചതിൽ കീക്കര കംഫർട്ട് സ്റ്റേഷൻ നിർമ്മാണത്തിനായി കരാറുകാരന് 27.03.2019ൽ ₹143000/-മുൻകൂർ നൽകിയതായി കാണുന്നു. ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തെ വാർഷിക കണക്ക് B-18

ഷെഡ്യൂളിൽ '46040020I' ശീർഷകത്തിൽ പ്രസ്തുത മുൻക്കൂർ തുക ക്രമീകരിക്കുവാൻ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. മുൻക്കൂർ തുക ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ടെങ്കിൽ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നം.7/21.7.23) മറുപടി നൽകിയിട്ടില്ല. കരാറുകാരന് നൽകിയ മുൻക്കൂർ തുകയുടെ ക്രമീകരണ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-15 ഓണം മുൻക്കൂറുകൾ ക്രമീകരിക്കുവാൻ അവശേഷിക്കുന്നു.

വട്ടവട ഗ്രാമ പഞ്ചായത്തിൽ വിവിധ കാലയളവുകളിൽ സേവനമനുഷ്ഠിച്ചിട്ടുള്ള താഴെപ്പറയുന്ന ജീവനക്കാർ ഓണം മുൻക്കൂർ ഇനത്തിൽ കൈപ്പറ്റിയ തുകകൾ നാളിതുവരെയും ക്രമീകരിച്ചിട്ടില്ല.

ജീവനക്കാരന്റ പേര്	ഓണം മുൻക്കൂർ ഇനത്തിൽ കൈപ്പറ്റിയ തുക(₹)	വൗച്ചർ നം/തീയതി	തിരിച്ചടച്ച തുക(₹)	ക്രമീകരിക്കുവാൻ അവശേഷിക്കുന്ന തുക(₹)
കൃഷ്ണപിള്ള കെ.പി. (അസി.സെക്രട്ടറി)	20000/-	22200250/ 01.09.2022	4000	16000
രാംദാസ് (സീനിയർ ക്ലർക്ക്)	20000/-	22200250/ 01.09.2022	16000	4000
രാകേഷ് എസ്.കെ. (ക്ലർക്ക്)	10000	22100216/ 17.08.2021	0	10000
ശങ്കർ ഐ. (ഹെഡ് ക്ലർക്ക്)	15000	21700168/ (2018-19)	6000	9000
ആകെ				39000

ഓണം മുൻക്കൂറുകൾ ക്രമീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-16 കെ.എസ്.ഇ.ബി-യിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള തുകയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമല്ല

2017-18 വർഷം കെ.എസ്.ഇ.ബി-യിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷനായി ₹219980/- ഡെപ്പോസിറ്റ് ചെയ്തിരുന്നു.വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

വൗച്ചർ നം/തീയതി	തുക(₹)
21700661/18.1.18	149980
21700660/18.1.18	70000
ആകെ	219980/-

വാർഷിക കണക്ക് B-18 ഷെഡ്യൂളിൽ ആസ്തി ഹെഡിൽ പ്രസ്തുത തുക ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ പൂർത്തീകരണ വിവരം ലഭ്യമാണെങ്കിൽ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.6/21.7.23) മറുപടി നൽകിയിട്ടില്ല. ഡെപ്പോസിറ്റ് തുക വിനിയോഗിച്ച് പദ്ധതി പൂർത്തീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	ലഭിച്ച തുക (₹)	പ്രോജക്ടിന്റെ പേര്	ചെലവ് (₹)	ബാലൻസ് (₹)
ജില്ലാ പഞ്ചായത്ത്	400000	സുവർണ്ണ ഭവന പദ്ധതി ജനറൽ (103/23)	400000	0

4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	ബിൽ നം./ തീയതി	മുൻകൂർ നൽകിയ തുക ₹	ചെലവഴിച്ച തുക ₹	ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹
കെ.എസ്.ഇ.ബി.	പഴത്തോട്ടം എസ്.സി കോളനി സ്ട്രീറ്റ് മെയിൻ, കെ.എസ്.ഇ.ബി.-ക്ക് തുക നൽകൽ (73/23)	22100352015801315143/ 8.3.23	200000	0	200000

4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് ലൈഫ് വായ്പയിനത്തിൽ ₹20,40,000/- വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തീയതി	വായ്പ തുക ₹	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹	തൻവർഷം തിരിച്ചടച്ച തുക ₹		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹
				മുതൽ	പലിശ	
ലൈഫ് പദ്ധതി	ലഭ്യമല്ല	₹117601839	₹99164587/-	12156782	-	89047805

4-5 സ്ഥിര നിക്ഷേപം

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹20,762/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക ₹	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രശീത് നമ്പർ തീയതി	അഭിപ്രായക്കുറിപ്പുകൾ
2019-20	3-1	14312	ശ്രീ. ടി.വി ഏലിയാസ് മുൻ	1220100120/ തീ. 30.04.22	

			അസി.എഞ്ചിനിയർ		
2019-20	2-1	6450	ശ്രീ സൂപ്പി എൻ.എച്ച്	1220100443/ 19.8.22	കെട്ടിട പെർമിറ്റ് ഫീയിനത്തിൽ കുറവു വന്ന തുക കെട്ടിട ഉടമ ഒടുക്കു വരുത്തിയത്.

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
1996-97	2-19, 3-28, 3-29, 3-30, 3-31, 3-32, 3-34, 3-35, 3-37, 3-38, 3-39, 3-40	2000-01	4-39	വ്യാപകമായ തോതിൽ പണാപഹരണം	ലഭ്യമല്ല
1997-98	3-26	2000-01	4-40	വ്യാജരേഖ ചമച്ച് പണാപഹരണം	ലഭ്യമല്ല
1997-98	3-31	2000-01	4-40 ബി	കിടാരി വിതരണം പദ്ധതിയിൽ ക്രമക്കേട്	ലഭ്യമല്ല
1998-99	20ബി	2002-03	VII 6-12	ചെക്ക് ലീഫ് മോഷ്ടിച്ച് ധനാപഹരണം	ലഭ്യമല്ല
2000-01	20ബി, 26, 27	2003-04	VII 6-12	പഞ്ചായത്ത് ഫണ്ടിൽ നിന്നും പണാപഹരണം	ലഭ്യമല്ല
2001-02	2-15	2005-06	31-1	റോഡ് നിർമ്മാണം – വ്യാജരേഖ ചമച്ച് തുക പിൻവലിച്ചു	ലഭ്യമല്ല
2014-15	2-3	2016-17	അനുബന്ധം-3	വസ്തു നികുതി അപാകതകൾ	ലഭ്യമല്ല
2015-16	2-2	2016-17	അനുബന്ധം-4	വസ്തു നികുതി അപാകതകൾ	ലഭ്യമല്ല
2015-16	2-3	2016-17	അനുബന്ധം-5	തൊഴിൽ നികുതി അപാകതകൾ	ലഭ്യമല്ല
-	-	2017-18	അധ്യായം-6	ഭൂമി ശാസ്ത്രപരമായും പാരിസ്ഥിതികമായുമുള്ള വിഭിന്ന സാഹചര്യങ്ങളാൽ സാമ്പത്തിക പരാധീനത നേരിടുന്ന ഗ്രാമപഞ്ചായത്തുകളിൽ പരിശോധന നടത്തിയതിന്റെ ഫലങ്ങൾ	ലഭ്യമല്ല

2018-19	1-18	2019-20	3-1 ഇടുക്കി ജില്ല	വട്ടവട മാതൃക ഗ്രാമം – അപാകതകൾ	തൽസ്ഥിതി തുടരുന്നു

4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

മുന്നിരിപ്പ്	₹ 11908472.00
വരവ്	₹56827167.00
ആകെ	₹68735639.00
ചെലവ്	₹54732099.00
നീക്കിയിരിപ്പ്	₹14003540.00
(കുറിപ്പ്- പഞ്ചായത്തിന്റെ 2022-23 വർഷത്തെ റെസീപ്റ്റ് & പെയ്മെന്റ് പത്രിക അടിസ്ഥാനമാക്കിയുള്ള വിവരങ്ങളാണ് മേൽ ചേർത്തിട്ടുള്ളത്)	
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	- ഇല്ല -
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	₹724000/-

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

- ഇല്ല -

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക ₹	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-12	724000/-	ഡോ.അന്ന സുരേന്ദ്രൻ, മെഡിക്കൽ ഓഫിസർ

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ഡോ. അന്ന സുരേന്ദ്രൻ, മെഡിക്കൽ ഓഫീസർ	മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി, വട്ടവട, കോവിലൂർ പി.ഒ., ഇടുക്കി	നെടിയവിള, ഹൌസ് നം.A -156,കനകനഗർ, നന്തൻകോട്, തിരുവനന്തപുരം

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

1996-97	എൽ.എഫ്.ഐ-9/683/2000/ തീ. 02.01.2001	12	19, 28, 29, 30, 31,32, 34, 36-40,
1997-98	എൽ.എഫ്.ഐ-9/684/2000/ തീ. 02.01.2001	04	21, 26, 30, 31
1998-99	എൽ.എഫ്.ഐ-9/264/ 2002/10.06.2002	04	20ബി, 26, 41, 42
1999-00	എൽ.എഫ്.ഐ-9/403/2002/ തീ. 24.08.2002	04	22, 23, 24, 26
2000-01	എൽ.എഫ്.ഐ-9/199/2003/	09	20, 24, 25, 26, 27, 28, 30, 31, 32

	തീ. 10.03.2003		
2001-02	എൽ.എഫ്.ഐ-9/342/2005/ തീ. 05.11.2005	7	2-15, 2-16, 2-17, 2-18
2002-03	എൽ.എഫ്.ഐ-9/343/2005/ തീ. 05.11.2005	6	2-6, 2-9, 2-10, 2-11, 2-12, 3-1
2003-04	എൽ.എഫ്.ഐ-9/75/2007/ തീ. 07.03.2007	6	2-2, 2-3 ,2-7
2004-05	എൽ.എഫ്.ഐ-9/206/2007/ തീ. 07.03.2007	8	2-1, 2-2, 2-3, 3-1 To 3-5
2005-06	എൽ.എഫ്.ഐ-9/946/2007/ തീ. 27.05.2008	5	2-1, 2-2, 2-4, 2-6, 3-7
2006-07	എൽ.എഫ്.ഐ-9/213/2009/ തീ. 08.09.2009	6	2-1, 2-2, 2-3, 2-5, 3-1, 3-2
2007-08	എൽ.എഫ്.ഐ-14/78/12/ തീ. 25.03.12	9	2-2, 3-1 മുതൽ 3-8 വരെ
2008-09	എൽ.എഫ്.ഐ-14/1001/14/ തീ. 24.01.15	11	2-2, 3-2, 3-3, 3-5 മുതൽ 3-12 വരെ
2009-10	എൽ.എഫ്.ഐ-14/1233/2011/ തീ. 27.12.12	15	2-1, 2-3, 3-1, 3-3 മുതൽ 3-13
2010-11	എൽ.എഫ്.ഐ-14/905/14/ തീ. 08.02.15	21	2-1, 2-4, 3-1 മുതൽ 3-16 വരെ 2-18
2011-12	എൽ.എഫ്.ഐ-14/905/14/ തീ. 08.02.15	21	2-1, 2-4, 3-1 മുതൽ 3-16, 2-18
2012-13	എൽ.എഫ്.ഐ-14/1439/15/ തീ. 31.12.15	9	3-1 മുതൽ 3-9 വരെ
2013-14	എൽ.എഫ്.ഐ-14/1439/15/ തീ. 31.12.15	9	3-1 മുതൽ 3-9 വരെ
2014-15	എൽ.എഫ്.ഐ-14/157/17/ തീ. 13.02.17	6	2-1 മുതൽ 2-3 വരെ 3-1 മുതൽ 3-3 വരെ
2015-16	കെ.എസ്.എ.ഐ.ഡി.കെ-6/508/17/ തീ. 19.04.17	7	2-1, 2-3 2-1 മുതൽ 2-3 വരെ 3-1 മുതൽ 3-4 വരെ
2016-17	കെ.എസ്.എ.ഐ.ഡി.കെ-6/289/18/ തീ. 12.03.18	14	2-1 മുതൽ 2-3 വരെ 3-1 മുതൽ 3-10വരെ 3-12
2017-18	കെ.എസ്.എ-ഐ.ഡി.കെ-06/686/19 തീ:09.07.2019	23	1-12, 2-1 മുതൽ 2-7 വരെ 3-1 മുതൽ 3-13 വരെ, 4-7 & 4-10
2018-19	കെ.എസ്.എ-ഐ.ഡി.കെ-06/1008/19 തീ:16.12.2019	19	1-9, 1-11 മുതൽ 1-23 വരെ, 1-25, 1-26, 1-27, 3-1, 4-8, 4-11
2019-20	കെ.എസ്.എ.ഐ.ഡി.കെ13-1253/2021 തീ.10.03.2022	28	1-3-1, 1-4, 1-8 മുതൽ 1-18 വരെ, 2-1, 2-2, 3-1, 3-2, 3-3, 4-2 മുതൽ 4-11 വരെ
2020-21	കെ.എസ്.എ.ഐ.ഡി.കെ13-1254/2021 തീ. 10.03.2022	13	1-3-2, 1-10, 1-11, 1-12, 1-13 To 1-17(3-1 To 3-5), 1-18, 1-19, 1-20, 2-1
2021-22	കെ.എസ്.എ.ഐ.ഡി.കെ.പി7/402 /23തീ.03.05.23	19	1-1 മുതൽ 1-19 വരെ

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

Annexure 1
Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 01-07-2023 and submitted on 03-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Vattavada Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given, I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Vattavada Grama Panchayat for the year 2022-2023

Date: 27/09/2023

Deputy Director
District Office Idukki
Kerala State Audit Department

Audit Report appended to the Audit Certificate of Vattavada Grama Panchayat for the Year 2022-2023.

1.Major Observations

1. All Mandatory financial statements prescribed in accounting rules are not submitted for audit.
2. Non-disclosure of Assets. Asset register is not comprehensive and uptodate.

2.Other Observations

1. Cash flow statement- Not increase/decrease in cash flow does not match with the difference between the opening balance and closing balance of cash and cash equivalents.
2. Monthly Bank reconciliation statement not prepared
3.Demand register does not match with Financial statments
4.Demand register are not periodically reconciled with accounts.

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ വട്ടവട ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം 3

ലൈഫ് ഭവന പദ്ധതി ധനസഹായമിനത്തിൽ കൈപ്പറ്റിയ തുകയുടെ വിശദാംശങ്ങൾ

രേഖപ്പെടുത്താത്തതും അപൂർണ്ണമായ സഹായ വിവരങ്ങൾ ഉൾപ്പെട്ടിട്ടുള്ളതുമായ ഗുണഭോക്ത്താക്കളുടെ

പേര് വിവരങ്ങൾ (ഖണ്ഡിക 1-14)

	WARD /NAME	HEAD OF THE FAMILY	ADDRESS	AMOUNT GIVEN ₹	STATUS	Category
1	9-VATTAVADA SOUTH	SWARNAMMAL(F)	9/33,MATTUKKARAN VEEDU, VATTAVADA-685615	40000	NOT STARTED	
2	9-VATTAVADA SOUTH	R SARASU(F)	44,KONGAMANDI, VATTAVADA-685563		*COMPLETED*	
3	9-VATTAVADA SOUTH	BHOOVANESWARI(F)	126,MOOPPAN, VATTAVADA-685615	40000	NOT STARTED	
4	9-VATTAVADA SOUTH	SHANTHAPPAN(M)	0,SOOPPAN, VATTAVADA-685615		*COMPLETED*	
5	9-VATTAVADA SOUTH	MAYILRAJ(M)	7,OTHAVEEDU, VATTAVADA-685615	40000	NOT STARTED	
6	9-VATTAVADA SOUTH	RAGHUPATHI(M)	102,GANGAR, VATTAVADA-685615		*COMPLETED*	
7	9-VATTAVADA SOUTH	M.K BALAN(M)	130,MATTUKKARANVEEDU, VATTAVADA-685615		*COMPLETED*	
8	9-VATTAVADA SOUTH	BALAMMA(F)	62,MOOPPAN, VATTAVADA-685615	40000	NOT STARTED	
9	9-VATTAVADA SOUTH	DHANALEKSHMI(F)	27,OLACKAL, VATTAVADA-685615	40000	NOT STARTED	
10	9-VATTAVADA SOUTH	SANKARAN.K(M)	9/77,THIMMANANDI VEEDU, VATTAVADA-685615		BASEMENT	
11	9-VATTAVADA SOUTH	GENESHAN(M)	71,MOOPPAN, VATTAVADA-685615		LINTLE	
12	9-VATTAVADA SOUTH	R.CHANDRAN(M)	9/68,OLAKKAN VEEDU, VATTAVADA-685615	40000	NOT STARTED	
13	9-VATTAVADA SOUTH	GOPALAKRISHNAN(M)	9/178,VATTAVADA, VATTAVADA-685615		*COMPLETED*	SC
14	9-VATTAVADA SOUTH	GUNASUNDARI(F)	9/77,VATTAVADA, VATTAVADA-685615		*COMPLETED*	
15	9-VATTAVADA SOUTH	PALRAJ.C(M)	9/98,SC COLONY, VATTAVADA-685615	40000	NOT STARTED	SC
16	9-VATTAVADA SOUTH	ESWARAN.S(M)	9/134,MATTUKKARAN VEEDU, VATTAVADA-685615		*COMPLETED*	
17	9-VATTAVADA SOUTH	T.R.SUBBURAJ(M)	9/101,THIMMANANDI VEEDU, VATTAVADA-685615	40000	NOT STARTED	
18	9-VATTAVADA SOUTH	RAVIKUMAR(M)	29,MATTUKKARAN, VATTAVADA-685615		*COMPLETED*	
19	9-VATTAVADA SOUTH	DEVENDRAN(M)	116,konkamandi, VATTAVADA-685615		*COMPLETED*	
20	9-VATTAVADA SOUTH	SUBRAMANNYAN(M)	124,DHESAN, VATTAVADA-685615		LINTLE	
21	9-VATTAVADA SOUTH	KUPPUSWAMY(M)	2,KONGAMANDI, VATTAVADA-685615		*COMPLETED*	
22	9-VATTAVADA SOUTH	K R SHANMUGHAVEL(M)	80,KONGAMANDI, VATTAVADA-685615		*COMPLETED*	
23	9-VATTAVADA SOUTH	THILAKAR(M)	70,KONGKAR , VATTAVADA-685615		*COMPLETED*	
24	9-VATTAVADA SOUTH	HARICHANDRAN(M)	56,PERMANNADY, VATTAVADA-685615		*COMPLETED*	
25	9-VATTAVADA SOUTH	MURUKAN(M)	70,KONGAMANDI, VATTAVADA-685615	40000	NOT STARTED	
